ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) യോഗപ്രകൃതി ചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ശിപാർശ പരിഗണനയിലില്ല.

(സി) യോഗ തെറാപ്പിയുടെ പ്രചാരത്തിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനത്തിനുവേണ്ട സംവിധാനങ്ങൾ ആയുഷ് മെഡിക്കൽ ആഫീസർമാർ മുഖാന്തരം നൽകിവരുന്നു.

കുന്ദംകുളം ഗവ.താലൂക്കാശുപത്രിയിലെ ഒഴിവുള്ള തസ്തികകൾ

60 (2334) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദംകുളം ഗവ. താലൂക്കാശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെയും, നഴ്സുമാരുടെയും തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കുന്ദംകുളം ഗവൺമെന്റ് താലൂക്കാശുപത്രിയിൽ ജനറൽ മെഡിസിനിൽ കൺസൾട്ടന്റിന്റെ ഒരൊഴിവും ജൂനിയർ കൺസൾട്ടന്റിന്റെ (അനസ്തേഷ്യ) ഒരൊഴിവും നിലിവിലുണ്ട്. സ്റ്റാഫ് നഴ്സ് തസ്തികയിൽ ഒഴിവുകളൊന്നും നിലവിലില്ല.

(ബി) ജൂനിയർ കൺസൾട്ടന്റിന് പ്രൊമോഷൻ നൽകി കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ജനറൽ കേഡറിലെ നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നൽകുന്നതിനുള്ള സത്വര നടപടികളും സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ

61 (2335) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമാണ്; പ്രസ്തുത തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞു കിടപ്പുണ്ടോ; എങ്കിൽ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly